# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.T 2692 — 06/12/2018 ൽ മറുപടിക്ക്

**ദേവസ്വം നിയമനങ്ങളിൽ സംവരണം**

ചോദ്യം — മറുപടി

ശ്രീ.കെ.മുരളീധരൻ — കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേവസ്വം നിയമനങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കവിഭാഗ ത്തിൽപ്പെട്ടവർക്ക് സംവരണം നൽകുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | കേരള ദേവസ്വം റിക്രൂട്ട്മെന്റ് വഴി ദേവസ്വം ബോർഡുകളിലേയ്ക്ക് നടത്തുന്ന നിയമനങ്ങളിൽ അനുവദിച്ച വരുന്ന 32% സംവരണത്തിന് പുറമെ ദേവസ്വം നിയമനത്തിന് അഹിന്ദുക്കൾക്ക് അർഹതയില്ലാത്തതിനാൽ അവർക്കു ള്ള 18% സംവരണം ഹൈന്ദവ വിഭാഗത്തിൽപെട്ട മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും പട്ടികജാതി വിഭാഗങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കുമായി വിഭജിച്ച് നൽകുന്നതിനായി ദേവസ്വം ബോർഡുകൾ ലഭ്യമാക്കിയ ചട്ടങ്ങൾ/റെഗുലേഷനുകൾക്ക് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ദേവസ്വം നിയമ പ്രകാരം ദേവസ്വം ബോർഡുകളിൽ നിക്ഷിപ്തമായ അവകാശം വിനിയോഗിച്ച് ദേവസ്വം ബോർഡുകൾ തയ്യാറാക്കുന്ന ചട്ടങ്ങൾക്ക് സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതില്ല. |
| (സി) | പിന്നോക്ക വിഭാഗത്തിൽപെട്ടവർക്ക് ദേവസ്വം നിയമനങ്ങളിൽ നിലവിലുള്ള സംവരണത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | 18% സംവരണത്തിൽ മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10% വും പട്ടികജാതി വിഭാഗത്തിന് 2% വും ഈഴവ സമുദായത്തിന് 3%വും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് 3% വും അധിക സംവരണമായി ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ